ARTICLE IN "DEEPAM" REGARDING THE INCONVENIENCE DUE TO LACK OF LAVATORIES AT VALLARPADAM

140. മിസ്സിസ്സ് ടി. ഫ്രാൻസ്സിസ്സ്: താഴെ കാണിക്കുന്ന ചോദ്യത്തിനു ഗവമ്മെണ്ടു് സദയം മറുപടി പറയുമോ.—

ദീപം ദിനപത്രത്തിൽ വല്ലാർപാടം ഷാപ്പിനു പരിസരപ്രദേശങ്ങളിൽ അധിവസിക്കുന്ന ഇരുന്നൂറോളം വരുന്ന നിവാസികൾക്കു മലവിസർജ്ജനത്തിനു സൌകര്യമില്ലാതെ കഷ്ടപ്പെടുന്നു എന്ന വാർത്തകാര്യം ഗവമ്മെണ്ടു ശ്രദ്ധിച്ചിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഉവ്വു്.

മിസ്സിസ്സ് ടി. ഫ്രാൻസിസ്സ്: ഇതു കണ്ടതിനുശേഷം ഈ വിഷമത്തിന്റെ നിവാരണത്തിനായി ഗവമ്മെണ്ടു വല്ലതും ചെയ്തുവോ?

റാവുബഹദൂർ ടി. കെ. നായർ: ചെയ്തുടങ്ങിയിട്ടുണ്ടു്. ഇക്കൊല്ലംതന്നെ അതു പണിയണമെന്നു ഉദ്ദേശമുണ്ടായിരുന്നു. അകപിസിക്ഷൻ ഓർഡർ ആയിട്ടുണ്ടു് അകപിസിക്ഷനെസംബന്ധിച്ചു് തക്കങ്ങൾ ഉണ്ടായിരുന്നതുകൊണ്ടാണു് ഇക്കൊല്ലം അതു ചെയ്യുവാൻ സാധിക്കാതെ വന്നതു്.

TRICHUR MUNICIPALITY—NIGHT-SOIL—DISPOSAL OF

141. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിൽനിന്നും ലാമൂരിൽ മലം നിക്ഷേപിക്കുന്നതു ആ നാട്ടുകാക്കു് അനാരോഗ്യകരമാണെന്നും തൻമൂലം അവിടെനിന്നും മാറ്റണമെന്നും ആ നാട്ടുകാരുടെ നിവേദനങ്ങൾ ഗവമ്മെണ്ടിലേക്കും മുനിസിപ്പാലിറ്റിയിലേക്കും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ അവരുടെ ആദ്യനിവേദനം എന്നാണു്;

(സി) മലം നിക്ഷേപിക്കുന്നിടം ജനബാഹുല്യമുള്ള ആ പ്രദേശത്തുനിന്നും മാറ്റേണ്ടതാണെന്നു ഗവമ്മെണ്ടിനു തോന്നിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഗവമ്മെണ്ടു് ഇക്കാര്യത്തിൽ എന്തു നടപടി എടുത്തു;

(ഇ) എന്നത്തേക്കു് ഇതവിടെനിന്നും മാറ്റും എന്നാണു ഗവമ്മെണ്ടു് ഉദ്ദേശിക്കുന്നതു്?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) ഉണ്ടു്.

(ബി) ഫ ഫ ഫ കന്നിയിൽ.

(സി) ഉണ്ടു്.

(ഡി) മലം നിക്ഷേപിക്കുന്നതിനു പറ്റിയതായ വേറെ ഒരു സ്ഥലം ഗവമ്മെണ്ടു അന്വേഷിച്ചു വരുന്നുണ്ടു്.

(ഇ) പുതിയ സ്ഥലം തീർച്ചയായ ഉടനെ മാറ്റുന്നതാണു്.

മിസ്റ്റർ പി. ശങ്കരമേനോൻ: സ്ഥലം അന്വേഷിച്ചുവരുന്നതെയുള്ളോ അതൊ വല്ല സ്ഥലവും എടുത്തുവൊ?

റാവുസാഹിബു് കെ. അയ്യപ്പൻ: അതു് അന്വേഷണത്തിൽ ഇരിക്കുന്നു.

മിസ്റ്റർ പി. ശങ്കരമേനോൻ: ഇപ്പോഴും മലം വിലങ്ങൻകുന്നിന്റെ അടുത്തുകൊണ്ടുപോയി തട്ടുന്നവിവരം ഗവമ്മെണ്ടിനു അറിയാമോ?

റാവുസാഹിബു് കെ. അയ്യപ്പൻ: ആ വിവരം അറിഞ്ഞുകൂടാ.

മിസ്റ്റർ കെ. എസ്സു്. പണിക്കർ: മാറ്റുവാൻ പുതിയസ്ഥലം അന്വേഷിക്കുന്നു എന്നു പറഞ്ഞു. എത്രകാലമായി ഈ അന്വേഷണം തുടങ്ങിട്ടു്?

റാവുസാഹിബു് കെ. അയ്യപ്പൻ: വളരെകാലമായി.

മിസ്റ്റർ ജോസു് കെ. വട്ടീസു്: ഫ ഫ ഫ മുതൽ അന്വേഷിച്ചിട്ടു് സ്ഥലം കണ്ടുപിടിക്കുവാൻ സാധ്യമായില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഈ വിഷയത്തെപ്പറ്റി ഇതിന്നുമുമ്പ് വാദപ്രതിവാദം നടന്നഅവസരത്തിൽ ഇതിനെസംബന്ധിച്ച സകലവിവരങ്ങളും ഇവിടെ പറഞ്ഞിട്ടുണ്ട്.

WORKING OF THE KANAYANNUR AND TRICHUR TREASURIES—DETAILS REGARDING

142. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) കണയന്നൂർ, തൃശ്ശിവപേരൂർ എന്നീ താലൂക്കു് ആപ്പീസ്സുകളിലെ ട്രഷറിസെക്ഷനിൽ ഫ ഫ ഫ ജീവനക്കാരെ ഉണ്ടായിരുന്നതിനേക്കാൾ എത്രകണ്ടു് ജോലി ഇപ്പോൾ വർദ്ധിച്ചിട്ടുണ്ടു്;

(ബി) എത്ര ക്ലാക്കുമാരാണു് ഈ സെക്ഷനിൽ ഓരോ സ്ഥലത്തും ഇപ്പോഴുള്ളതു്;

(സി) ബിൽ സെക്ഷനിൽ മാത്രമായി ഓരോ സ്ഥലത്തും എത്ര ക്ലാക്കുമാർവീതം പണിയെടുക്കുന്നുണ്ടു്;

(സി) പ്രതിദിനം ഓരോ സ്ഥലത്തും ശരാശരി എത്ര ബിൽ പാസ്സാക്കുവാൻ ണ്ടാകും;

(ഇ) സമർത്ഥനായ ഒരു ക്ലാക്കിനു് ഒരു ദിവസം എത്ര ബിൽ പാസ്സാക്കുവാൻ കഴിയും;

(എഫ്) ഒരു ദിവസം എത്ര ബിൽ പാസ്സാക്കുവാൻ കഴിയുമെന്നാണു് കൺട്രോളർ അഭിപ്രായപ്പെട്ടിട്ടുള്ളതു;

(ജി) പാസ്സാക്കി അയക്കുന്ന ബിൽ ഏതു സമയംവരെ ബാങ്കിൽ എടുക്കും?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി:

	തൃശ്ശിവപേരൂർ	കണയന്നൂർ
(എ)	൨൦൦ ശതമാനം	൪൦൦ ശതമാനം
(ബി)	ഫ൦ ക്ലാക്കുമാരും ഒരു അറ്റണ്ടറും.	ഫ൦ ക്ലാക്കുമാരും ഒരു അറ്റണ്ടറും
(സി)	ഓരോ ക്ലാക്കു വീതം	ഓരോ ക്ലാക്കു വീതം
	(ചെക്കുകളും പെൻഷനുകളും ഒഴികെ)	
(ഡി)	ഫ൦൦ ബിൽ	൨൦൦ ബിൽ

(ഇ) ഈ കാര്യം ബില്ലുകളുടെ വലിപ്പം സമ്പ്രദായം മുതലായ സ്ഥിതികളെ അനുസരിച്ചായിരിക്കും.

(എഫ്) ദയവായി 'ഇ' എന്ന ചോദ്യത്തിന്നു നേരെയുള്ള മറുപടി നോക്കുക.

(ജി) മൂന്നു മണിവരെ എടുക്കുന്നതാകുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ൪൦൦ ശതമാനം ജോലിവർദ്ധിച്ചിട്ടുള്ള സ്ഥലത്തും ൨൦൦ ശതമാനം ജോലി വർദ്ധിച്ചിട്ടുള്ള സ്ഥലത്തും ഒരെ തോതിൽ ക്ലാക്കുമാരെ വെച്ചാൽ ജോലി നടക്കുമോ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി: ജോലി നടന്നുപോകുന്നുണ്ടു്. കണയന്നൂർ ട്രഷറിയിയിലെ ജോലി വർദ്ധനവിനെ പരിഗണിച്ചു മട്ടാഞ്ചേരിയിൽ ഒരു സബ്ബു് ട്രഷറി വേണമെന്നു് ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടു്. മിക്കവാറും നടത്തണമെന്നാണു് തീരുമാനിച്ചിരിക്കുന്നതും.

മിസ്റ്റർ കെ എസ്സ്. പണിക്കർ: മൂന്നുമണിക്കുമുമ്പു് ട്രഷറി ക്ലോസുചെയ്യുമെങ്കിൽ അതിന്നു് മുമ്പു് ഈ പണിചെയ്യുതീർക്കാൻ ഒരു ക്ലാക്കു് മതിയൊ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി: ഒരു ക്ലാക്കു് തന്നെയായാൽ കഠിച്ചു് ജോലി ബാക്കിവരും. എന്നാൽ അങ്ങിനെയുള്ള ജോലി എല്ലാവരും കൂടി സഹായിച്ചു കൊടുക്കുകയാണെങ്കിൽ ബാക്കിവരില്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഓരോ താലൂക്കാപ്പീസുകളിലും ഇരുനൂറു് ശതമാനവും നാനൂറു ശതമാനവും ജോലിവർദ്ധിച്ചിട്ടുണ്ടു് എന്നു് പറഞ്ഞുവല്ലൊ. അതിന്നു് ഇപ്പോൾ കൂടുതലായി വെച്ചിട്ടുള്ള ആളുകൾ മതിയാകുമൊ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി: അതു് മതിയായാലും മതിയായില്ലെങ്കിലും ജോലി നടന്നുവരുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly